## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2703

06/02/2018-ൽ മറുപടിയ്ക്ക്.

### ജൂനിയർ അസിസ്റ്റൻറ് തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി.ദിവാകരൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) | മലബാർ റീജിയണൽ മിൽക്ക് പ്രോഡ്യൂസേഴ്സ് യൂണിയനിൽ ജൂനിയർ അസിസ്റ്റൻറ് തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | ജൂനിയർ അസിസ്റ്റന്റിന്റെ തസ്തികയിലേക്ക് മലബാർ മേഖലാ യൂണിയൻ 2016 ഡിസംബർ മാസത്തിൽ സ്ഥിര നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ 29 ഒഴിവുകൾ ആണ് ഉണ്ടായിരുന്നത്. |
| (ബി) | ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് എന്നാണ് പരീക്ഷ നടത്തിയതെന്നും എന്നത്തേക്ക് സാധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ ; | (ബി) | ജൂനിയർ അസിസ്റ്റന്റിന്റെ സ്ഥിരം ഒഴിവുകൾ നികത്തുന്നതിനായി 22.04.2017 തീയതിയിൽ എറണാകുളത്ത് വച്ച് മലബാർ മേഖലാ യൂണിയൻ എഴുത്ത് പരീക്ഷ നടത്തിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 21.04.2017 തീയതിയിലെ സി1/7300/2017 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലബാർ മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനിലെ സ്ഥിര നിയമനവുമായി ബന്ധപ്പെട്ട എല്ലാ നടപടി ക്രമങ്ങളും നിർത്തി വെച്ചിരിക്കുകയാണ് |
| (സി) | മലബാർ റീജിയണൽ മിൽക്ക് പ്രോഡ്യൂസേഴ്സ് യൂണിയനിലെ നിയമനങ്ങൾ പി.എസ്.സി ക്ക് വിടാൻ നടപടി സ്വീകരിക്കുമോ ? | (സി) | സാധ്യതകൾ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.